## പരിസ്ഥിതിയും കണ്ടൽക്കാടുകളും

### കെ.വി.വിജയരാഘവൻനായർ

പരിസ്ഥിതിയുമായി അഭേദ്യബന്ധമുള്ള ആവാസവ്യവസ്ഥയാണ് കണ്ടൽക്കാടുകൾ. ഇവയുടെ സിദ്ധികളും സവിശേഷതകളും എത്ര പറഞ്ഞാലും അധികമാവില്ല. തീരദേശത്തനുഭവപ്പെടുന്ന ലവണങ്ങളുടെ കാഠിന്യം, ജലനിരപ്പിൽ അടിക്കടി ഉണ്ടാകുന്ന വ്യതിയാനങ്ങൾ, വേലിയേറ്റവും വേലിയിറക്കവും മൂലമുണ്ടാകുന്ന വെള്ളത്തിന്റെ ശക്തിയായ ഒഴുക്ക് തുടങ്ങി ഈയടുത്തകാലത്ത് ആഗോളതലത്തിൽ തന്നെ തീരപ്രദേശങ്ങളെ അക്ഷരാർത്ഥത്തിൽ പിടിച്ചു കുലുക്കിയ സുനാമിപോലുള്ള മഹാപ്രകൃതിദുരന്തങ്ങൾ വരെ അടക്കാനും ഒതുക്കാനും ഉൾക്കൊള്ളാനും കഴിവുള്ള ഒരു സവിശേഷ സസ്യവിഭാഗമാണ് കണ്ടലുകൾ. എന്നാൽ ഇത്രയും പ്രാധാന്യമുള്ള കണ്ടൽവനങ്ങളുടെ ഇന്നത്തെ അവസ്ഥയോ? നഗരവൽക്കരണം എന്ന പേരിൽ മനുഷ്യൻ നടത്തുന്ന തത്ത്വദീക്ഷയില്ലാത്ത പ്രകൃതിചൂഷണം നിമിത്തം കണ്ടൽക്കാടുകളിൽ മഹാഭൂരിഭാഗവും ഇന്ന് നശിച്ച് നാമാവശേഷമായിരിക്കുന്നു. അവശേഷിക്കുന്നവ ചെറിയ തുരുത്തുകളിലും അഴിമുഖങ്ങളിലുമായി ഒതുങ്ങുന്നു. കണ്ടൽക്കാടുകളുടെ പ്രാധാന്യവും സംരക്ഷണവും അവലോകനവും ഒരു പരിസ്ഥിതിനിരീക്ഷകന്റെ വീക്ഷണകോണിലൂടെ കാണുന്ന വിജ്ഞാനപ്രദമായ പുസ്തകം.

SIL No. 3278

വില: 60 രൂപ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ISBN-978-81-7638-617-3


9 788176 386173

പരിസ്ഥിതിയും കണ്ടൽക്കാടുകളും ■ കെ.വി.വിജയരാഘവൻനായർ

81

# പരിസ്ഥിതിയും കണ്ടൽക്കാടുകളും

## കെ.വി.വിജയരാഘവൻനായർ



LIBRARY

1872

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1872 Call No.

This book should be returned on or before the date last given below.

LIBRARY

*Malayalam*
***Paristhithiyum Kandalkkadukalum***

K. V. Vijayaraghavan Nair

First Published: November 2008
Second Edition: February 2014

Copies: 1000

*Reset at*
SIL - DTP
Thiruvananthapuram-3

*Printed at*
Mattathil Printers
Changanassery

*Published by*
The State Institute of Languages, Kerala
Thiruvananthapuram-3

© The State Institute of Languages, Kerala, 2008

Price: Rs. 60/-

**ISBN 81-7638-617-3**

---

*Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level, of the Government of India, Ministry of Human Resource Development (Department of Culture), New Delhi.*

---

SIL-3278

# പരിസ്ഥിതിയും കണ്ടൽക്കാടുകളും

**കെ. വി. വിജയരാഘവൻ നായർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

General Editor
**Dr.M.R. Thampan**
Editor
**Dr. Ravisankar S. Nair**
Associate Editor
**Sreekala Chingoli**
Cover Design
**Godfrey Das**

ജനറൽ എഡിറ്റർ
**ഡോ. എം. ആർ. തമ്പാൻ**
എഡിറ്റർ
**ഡോ. രവിശങ്കർ എസ്. നായർ**
സഹായക എഡിറ്റർ
ശ്രീകല ചിങ്ങോലി
കവർ ഡിസൈൻ
**ഗോഡ്ഫ്രെ ദാസ്**

## ആമുഖം

കണ്ടൽക്കാടുകൾ നമ്മുടെ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ വന്നിട്ട് ഏറെക്കാലമായിട്ടില്ല. ഒരു കാലത്ത് നമ്മുടെ പരിസ്ഥിതിബോധത്തിന്റെ ഭാഗമായിരുന്ന കണ്ടൽക്കാടുകൾ നഗരവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും മറ്റും ദ്രുതവ്യാപനത്തോടെ, വെട്ടിത്തെളിച്ച് സ്ഥലം ലഭ്യമാക്കാനുള്ള പാഴ്ച്ചെടികൾ മാത്രമായി മാറി. ഒരു നൂറ്റാണ്ടിനു മുൻപ് 1700 ച.കി.മീ. ഉണ്ടായിരുന്ന കേരളത്തിലെ കണ്ടൽക്കാടുകൾ ഇന്ന് അങ്ങിങ്ങായി കിടക്കുന്ന 17 ച.കി.മീ. മാത്രമായി ചുരുങ്ങിയിരിക്കുന്നു. അവയെ സംരക്ഷിക്കുകയും കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം ഇന്ന് സമൂഹം തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. പരിസ്ഥിതി സന്തുലനം, ജലസംരക്ഷണം, മണ്ണുസംരക്ഷണം വിവിധ ജന്തു-സസ്യ വർഗങ്ങളുടെ നിലനിൽപ്പ് എന്നിവയുമായെല്ലാം കണ്ടൽക്കാടുകൾ ബന്ധപ്പെട്ടിരിക്കുന്നു. കണ്ടൽക്കാടുകളുടെ പരിസ്ഥിതി പ്രാധാന്യം എന്തെന്നും ഈ മേഖലയിൽ നാം എന്താണ് ചെയ്യേണ്ടത് എന്നും വ്യക്തമാക്കുന്ന ഒരു പുസ്തകമാണ് കെ.വി. വിജയരാഘവൻ നായർ രചിച്ച *പരിസ്ഥിതിയും കണ്ടൽക്കാടുകളും.* സസ്യശാസ്ത്രത്തിന്റെയും പരിസ്ഥിതി ശാസ്ത്രത്തിന്റെയും അടിത്തറയിൽ നിന്നാണ് ഇത് രചിച്ചിരിക്കുന്നതെങ്കിലും സാധാരണ വായനക്കാർക്ക് കണ്ടൽക്കാടുകളെക്കുറിച്ച് വിശദമായ ധാരണ ലഭിക്കത്തക്കവിധം ലളിതവും ചിട്ടയോടുകൂടിയതുമായ അവതരണശൈലിയാണ് ഗ്രന്ഥകാരൻ പിൻതുടരുന്നത്. കേരളത്തിന്റെ പരിസ്ഥിതിയിൽ മർമപ്രധാനമായ പങ്കുവഹിക്കുന്ന കണ്ടൽക്കാടുകളെക്കുറിച്ചുള്ള ഈ മികച്ച ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പ് ഞങ്ങൾ വായനക്കാർക്കു മുന്നിൽ സമർപ്പിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഫെബ്രുവരി 2014

**ഡോ. എം.ആർ. തമ്പാൻ**
**ഡോ. രവിശങ്കർ എസ്. നായർ**

## ഒന്നാം പതിപ്പിന്റെ ആമുഖം

കടലിന്റെ വേര് എന്നാണ് കണ്ടൽക്കാടിന് നൽകിയിരിക്കുന്ന പേര്. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞൊതുക്കാവുന്ന അർഥവ്യാപ്തിയുള്ള ഒരു സംജ്ഞയല്ലിത്. പ്രകൃതിയിലെ ഏറ്റവും നിർണായകമായ സസ്യ സമ്പത്ത് എന്നുതന്നെ വിശേഷിപ്പിക്കാവുന്ന കണ്ടൽവനങ്ങളുടെ പ്രാധാന്യം ഇനിയും നാം വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ടോ എന്ന റിയില്ല. തീരദേശത്തുണ്ടാകുന്ന ഏതുതരം പ്രകൃതിക്ഷോഭത്തെയും അതേപടി സ്വീകരിക്കാനും ആവാഹിക്കാനും വലിയൊരു പരിധിവരെ തീർത്തും നിർവീര്യമോ നിഷ്പ്രഭമോ ആക്കാനും കഴിവുള്ള അൽഭുതസസ്യജാലമാണ് കണ്ടൽച്ചെടികൾ. എത്ര കടുത്ത പ്രതികൂലസാഹചര്യം തരണം ചെയ്യാനും ഇവയ്ക്ക് അനായാസം കഴിയും. വൈവിധ്യമാർന്ന മൽസ്യസമ്പത്തിന്റെ ഈറ്റില്ലം, അപൂർവ ജലജീവികളുടെ താവളം, വിറക്, തേൻ, മെഴുക്, ഔഷധസസ്യങ്ങൾ എന്നിവയുടെ ഉറവിടം, സർവോപരി പ്രകൃതിസന്തുലനത്തിന്റെ ചുക്കാൻ പിടിക്കാൻ പര്യാപ്തമായ ഒരു പ്രത്യേക ആവാസവ്യൂഹംതന്നെയാണ് കണ്ടൽവനങ്ങൾ. എന്നാൽ കണ്ടൽവനങ്ങളുടെ ഇന്നത്തെ അവസ്ഥ തീർത്തും പരിതാപകരമാണ് എന്നു പറയാതെ വയ്യ. നഗരവൽക്കരണത്തിന്റെ ഭാഗമായി കടലിനെയും കടലോരത്തെയും വിവേകശൂന്യമായി വികൃതമാക്കുന്ന സ്വാർഥമതിയായ മനുഷ്യന്റെ ചൂഷണം അഭംഗുരം തുടരുന്നു. മനുഷ്യന്റെ വനനശീകരണതൃഷ്ണ, കണ്ടൽവനങ്ങളെയും ബാധിച്ചിരിക്കുന്നു എന്ന് സാരം.

വിലപ്പെട്ട സംഭാവനകൾ പ്രകൃതിയും മനുഷ്യനും നിർലോഭം നൽകുന്നുവെങ്കിലും കണ്ടൽക്കാടുകൾ ഭൂമുഖത്തു നിന്ന് പൂർണമായും തുടച്ചുനീക്കപ്പെടുന്ന കാഴ്ച വിദൂരമല്ല എന്ന യാഥാർഥ്യം നമ്മെ ചിന്താകുലരാക്കുന്നു. ഈ യാഥാർഥ്യങ്ങൾക്കിടയിലും പ്രതീക്ഷയുടെ പച്ചത്തുരുത്തുകൾ പോലെ സമ്പൂർണനാശത്തിന് തലകുനിക്കുവാൻ താൽപ്പര്യമില്ലാത്ത മട്ടിൽ കേരളത്തിൽ അങ്ങിങ്ങ് കണ്ടൽവ്യൂഹങ്ങൾ തലയുയർത്തി നിൽക്കുന്നു. വളപട്ടണം, ചേറ്റുവായ്, പുതുവൈപ്പിൽ തുടങ്ങിയ പ്രദേശങ്ങളിലെ കണ്ടൽവനങ്ങൾ ഇതിനുദാഹരണമാണ്.

കണ്ടൽവനങ്ങളുടെ പ്രാധാന്യം, സവിശേഷതകൾ, കണ്ടൽ ഇനങ്ങൾ, കണ്ടൽസംരക്ഷണം തുടങ്ങി ആനുകാലിക സമൂഹം അവശ്യം അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ ഉൾപ്പെടുത്തി "പരിസ്ഥിതിയും കണ്ടൽക്കാടുകളും" എന്ന ഈ പുസ്തകം രചിച്ചിരിക്കുന്നത് കൃഷി വകുപ്പിൽ ജോയിന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. കെ. വി. വിജയരാഘവൻ നായരാണ്. കണ്ടലുമായി ബന്ധപ്പെട്ട യാഥാർഥ്യങ്ങളെ ഒരു പരിസ്ഥിതിസ്നേഹിയുടെ കണ്ണിലൂടെ നോക്കിക്കാണാനും അത് അക്ഷരാർഥത്തിൽ പകർത്താനും ഗ്രന്ഥകർത്താവിന് കഴിഞ്ഞിരിക്കുന്നു. ഒരർഥത്തിൽ അതുതന്നെയാണ് ഈ പുസ്തകത്തിന്റെ വിജയവും.

പ്രകൃതിയെ സ്നേഹിക്കുന്ന, പരിസ്ഥിതിയെ സ്നേഹിക്കുന്ന, ചെടികളെയും ജീവജാലങ്ങളെയും സ്നേഹിക്കുന്ന പ്രബുദ്ധരായ വായനക്കാർക്കു മുന്നിൽ ഞങ്ങൾ 'പരിസ്ഥിതിയും കണ്ടൽക്കാടുകളും' സസന്തോഷം അവതരിപ്പിക്കുന്നു.

| | |
|---|---|
| കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | **ഡോ. പി. കെ. പോക്കർ** |
| നവംബർ 5, 2008 | **എസ്. സുരേഷ്കുമാർ** |

**കെ. വി. വിജയരാഘവൻ നായർ**

തിരുവനന്തപുരത്ത് 1942-ൽ ജനിച്ചു.
കേരള സർവകലാശാലയിൽനിന്ന്
കൃഷിശാസ്ത്രത്തിൽ ബിരുദം;
അമേരിക്കയിലെ യൂട്ടാ സ്റ്റേറ്റ് സർവകലാശാലയിൽനിന്ന്
കൃഷിശാസ്ത്ര ശാഖകളിൽ പരിശീലനം നേടി.
1966 മുതൽ 1977 വരെ കൃഷിവകുപ്പിൽ
വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു.
ജോയിന്റ് ഡയറക്ടർ തസ്തികയിൽനിന്ന് വിരമിച്ചു.
1968 മുതൽ ദിനപ്പത്രങ്ങളിലും ആനുകാലികങ്ങളിലും
കാർഷിക ലേഖന രചന നടത്തുന്നു.
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി
നേരത്തെ 'ഫ്ളാറ്റിലെ കൃഷി' എന്ന പുസ്തകം രചിച്ചു.

*വിലാസം*
*കെ.ആർ.എ. 83, സോമൻ നഗർ*
*കരമന പി. ഓ.*
*തിരുവനന്തപുരം - 695 002*

## ഉള്ളടക്കം

1. കേരളത്തിലെ കണ്ടൽക്കാടുകൾ ........ 1
2. മംഗളവനം ........ 6
3. കവ്വായ് - കുഞ്ഞിമംഗലം ........ 13
4. കണ്ടൽക്കാടുകളുടെ സംരക്ഷണം ........ 17
5. തായ്‌ലന്റിലെ കണ്ടൽക്കാടുകൾ ........ 26
6. പോണ്ടിച്ചേരിയിലെ കണ്ടൽവനങ്ങൾ ........ 28
7. മഹാരാഷ്ട്രയിലെ കണ്ടൽവന സംരക്ഷണം ........ 35
8. ഗോവൻ കണ്ടൽവനങ്ങൾ ........ 38
9. തീരദേശം - ഒരു വീക്ഷണം ........ 40
10. കണ്ടൽക്കാടുകളും കമ്മ്യൂണിറ്റി റിസർവും ........ 68